(ബി) നടപ്പു വർഷത്തെ ശമ്പളച്ചെലവ് 255.41 കോടി രൂപയായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. 1.7.1978 മുതൽ പ്രാബല്യത്തിൽ വന്ന ശമ്പളപരിഷ്കരണം മൂലമുണ്ടാകുന്ന അധികച്ചെലവ് ഇതിൽ കണക്കിലെടുത്തിട്ടില്ല.

ട്രാഫിക് വിംഗ് രൂപീകരിക്കാൻ നടപടി

*303 [320] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

വർദ്ധിച്ച ഗതാഗത ആവശ്യങ്ങൾക്ക് പരിഹാരം ഉണ്ടാക്കാനും ബസ്സപകടങ്ങൾ ഒഴിവാക്കുന്നതിനും ട്രാഫിക് നിയമങ്ങൾ ശരിയായി പാലിക്കപ്പെടുമെന്ന് ഉറപ്പു വരുത്താനും ഫലപ്രദമായ അധികാരങ്ങളോടുകൂടിയ ഒരു പ്രത്യേക ട്രാഫിക് വിംഗ് രൂപീകരിക്കുവാൻ ഗവൺമെൻറ് നടപടികൾ എടുക്കുമോ?

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): ട്രാഫിക് നിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എല്ലാ ഡിസ്ട്രിക്റ്റിലും സിറ്റികളിലും പ്രത്യേകം ട്രാഫിക് എൻഫോഴ്സ്മെൻറ് സ്ക്വാഡുകൾ രൂപവൽക്കരിച്ചു പ്രവർത്തനം നടത്തുന്നുണ്ട്. ഇതു കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ റേഞ്ചുകളിൽ ഡി. ഐ. ജി. മാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ മൊബൈൽ സ്ക്വാഡുകൾ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ട്രാഫിക് നിയന്ത്രണങ്ങൾ പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാൻ വേണ്ടിയുള്ള ചെക്കിംഗ് ഏർപ്പാട് ചെയ്തിട്ടുണ്ട്. ഒരു പ്രത്യേക ട്രാഫിക് വിംഗ് രൂപീകരണം ഇപ്പോൾ പരിഗണനയിലില്ല. ആവശ്യമെന്നു കണ്ടാൽ പരിശോധിക്കാവുന്നതാണ്.

ഉദ്യോഗങ്ങളിൽ മുസ്ലീങ്ങൾക്കുള്ള സംവരണം

*304 [321] ശ്രീ. കെ. കെ. എസ്. തങ്കം: താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഉദ്യോഗങ്ങളിൽ മുസ്ലീങ്ങൾക്കുള്ള സംവരണം ശരിക്കും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഒരു റെസ്റേറാറേഷൻ കമ്മിറ്റി രൂപീകരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ): സർക്കാർ സർവ്വീസിലേയ്ക്ക് പി. എസ്. സി. യും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചും മുഖേന നേരിട്ട് നടത്തുന്ന എല്ലാ നിയമനങ്ങളിലും സംവരണ വ്യവസ്ഥകൾ ശരിയ്ക്കും പാലിക്കുന്നതിന് വ്യവസ്ഥ ഉണ്ട്. കൂടാതെ സംവരണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളെക്കുറിച്ചും സമഗ്രമായി പഠനം നടത്തുന്നതിന് ഒരു പുതിയ കമ്മീഷനെ നിയമിക്കുവാൻ ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണ്. ഇക്കാരണങ്ങളാൽ ചോദ്യത്തിൽ സൂചിപ്പിച്ച വിധത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ടെന്ന് ഗവൺമെൻറ് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly